2142
29/1/18

File No.FWLD-B2/24/2018-FWLD

**കേരള സർക്കാർ**

**സംഗ്രഹം**

**കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന് ചൂരൽ, മുള, എരംകോൽ എന്നിവ വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസൃതമായി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

വനം വന്യജീവി (ബി) വകുപ്പ്

G.O.(Rt) No. 33/2018/F&WLD തീയതി,തിരുവനന്തപുരം, 25/01/2018

പരാമർശം:- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന്റെ 19.01.2018-ലെ പ്രൊ(4)-42699/2017 നമ്പർ കത്ത്.

**ഉത്തരവ്**

വനം വകുപ്പിലെ വിവിധ റെയ്ഞ്ചുകളിൽ നിന്നും കേരള പട്ടികജാതി - പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് ചൂരൽ, ഈറ്റ, മുള എന്നിവ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ടെറിട്ടോറിയിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ ലഭ്യതാ റിപ്പോർട്ട് പ്രകാരം കേരള പട്ടിക ജാതി - പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് കോന്നി ഡിവിഷനിൽ നിന്നും 50,000 എണ്ണം ,റാന്നി ഡിവിഷണിൽ നിന്നും 50,000 എണ്ണം എന്ന അളവിൽ ചൂരലും, കണ്ണൂർ ഡിവിഷനിൽ നിന്നും എരംകോൽ 500 എണ്ണം, മുള 100 മെട്രിക് ടൺ എന്നിവയും അനുവദിക്കാവുന്നതാണെന്നും ടി ഡിവിഷനുകളിലെ നിലവിലുള്ള വർക്കിംഗ് പ്ളാനുകൾ പ്രകാരം മേൽപ്പറഞ്ഞ അളവ് അസംസ്കൃ വസ്തുക്കൾ അനുവദിക്കാൻ ലഭ്യമാണെന്നും ആയതിനാൽ പട്ടിക ജാതി - പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് കോന്നി, റാന്നി, കണ്ണൂർ ഡിവിഷനുകളിൽ നിന്നും ചൂരൽ, മുള, എരംകോൽ എന്നിവ വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസൃതമായി നൽകുന്നതിന് അനുമതി നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേരള പട്ടികജാതി-പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന് കോന്നി, റാന്നി, കണ്ണൂർ ഡിവിഷനുകളിൽ നിന്നും ചൂരൽ, മുള, എരംകോൽ എന്നിവ വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസൃതമായി നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GIRIJA KUMARI G
DEPUTY SECRETARY

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ